# കേരള കാർഷിക സർവ്വകലാശാല

കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര
Email: cohagmet@kau.in & kauagmet@yahoo.co.in

## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## എറണാകുളം ജില്ല

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 01/2019, ചൊവ്വാഴ്ച | തീയ്യതി 01.01.2019

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ മഴ ലഭിച്ചില്ല. ഏറ്റവും ഉയർന്നതാപനില 33.3 മുതൽ 34.0 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 20.7 മുതൽ 22.9 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 70 മുതൽ 93 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 38 മുതൽ 51 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 1.2 മുതൽ 3.8 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 0.6 മുതൽ 8.3 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 2.4 മുതൽ 3.8 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 02.01.2019 | 03.01.2019 | 04.01.2019 | 05.01.2019 | 06.01.2019 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| മേഘവ്യാപ്തി (ഒക്ട) | 4 | 4 | 4 | 4 | 4 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 55 | 55 | 55 | 55 | 55 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 10 | 10 | 12 | 14 | 14 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 230 | 250 | 230 | 230 | 270 |
| ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ പ്രവചനമനുസരിച്ച് ജില്ലയിൽ വരും 5 ദിവസങ്ങളിൽ മഴയ്ക്ക് സാധ്യതയില്ല. | | | | | |

## കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | വളർച്ചാഘട്ടം | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| നെല്ല് | കതിരു വരുന്ന പരുവം | ഓലചുരുട്ടിപ്പുഴു | നെല്ലിലെ ഓലചുരുട്ടിപ്പുഴുവിനെ പ്രതിരോധിക്കാനായി ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രമ്മ ചിലോണിസ് കാർഡ് വീതം, ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് പ്ലാസ്റ്റിക്ക് കപ്പുകളിൽ കുത്തി വെക്കുക. |
| തെങ്ങ് | - | ചെമ്പൻ ചെല്ലി | തെങ്ങുകളിൽ ചെമ്പൻ ചെല്ലിയുടെ ആക്രമണം കണ്ടു വരുന്നു. തെങ്ങിന്റെ മണ്ട നന്നായി വൃത്തിയാക്കിയ ശേഷം ഇമിഡാ ക്ലോപ്രിഡ് 1 മില്ലി 1 ലിറ്റർ വെള്ളത്തിൽ കലക്കി കൂമ്പിൽ ഒഴിച്ച് കൊടുക്കുക. |
| പച്ചക്കറികൾ (പയർ) | - | തണ്ടീച്ച | പയറിലെ തണ്ടീച്ചയെ നിയന്ത്രിക്കാൻ 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി സോപ്പ് മിശ്രിതം തളിക്കുക. |
| മൃഗസംരക്ഷണം | അധിക അമ്ലതമൂലമുള്ള ദഹനക്കേട് ഒഴിവാക്കുവാനായി 30 ഗ്രാം സോഡാപൊടിയും 1 ടിസ്പൂൺ യീസ്റ്റ് കുതിർത്തതും തീറ്റയിൽ ചേർത്ത് ദിവസേന നൽകുക. **(സി.എ.എ.ഡി.ഇ.സി.സി.എസ്., കെ.വി.എ.എസ്.യു., മണ്ണുത്തി)** | | |